## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 497 | 01/07/2014 ൽ മറുപടിയ്ക്ക്

## മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് എക്സലൻസ് പുരസ്കാരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. പാലോട് രവി**<br>**ശ്രീ. എം.പി. വിൻസെന്റ്** | **ശ്രീ. ആര്യാടൻ മുഹമ്മദ്**<br>**ഊർജ്ജ വകുപ്പുമന്ത്രി** |
| (എ) മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എക്സലൻസ് പുസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങളിലും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലും വളരെ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന വ്യവസായശാലകൾക്ക് / സ്ഥാപനങ്ങൾക്ക് ബോർഡ് പുരസ്കാരങ്ങൾ നൽകി വരുന്നു. തുടർച്ചയായി മേൽപ്പറഞ്ഞ കാര്യങ്ങളിൽ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന വ്യവസായശാലകൾക്ക് / സ്ഥാപനങ്ങൾക്ക് എക്സലൻസ് പുരസ്കാരവും നൽകുന്നു. |
| (ബി) എന്തെല്ലാം പുരസ്കാരങ്ങളാണ് വിവിധ വിഭാഗങ്ങളിലായി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വളരെ വലിയ വ്യവസായം, വലിയ വ്യവസായം, ഇടത്തരം വ്യവസായം ഗ്രൂപ്പ് - എ, ഇടത്തരം വ്യവസായം ഗ്രൂപ്പ് - ബി, ചെറുകിട വ്യവസായം, സ്റ്റോൺ ക്രഷർ, ഡെയറി, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, മറ്റു സ്ഥാപനങ്ങൾ, ഹോട്ടൽ, റിസോർട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികളായ പ്രൈമറി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി, ജില്ല/ജനറൽ ആശുപത്രി, വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി, മെഡിക്കൽ കോളേജ് / സ്വയം ഭരണ ആശുപത്രി, ആയുർവേദ ആശുപത്രി, സ്വകാര്യ ആശുപത്രികളിൽ 500 കിടക്കകൾക്കു മുകളിൽ ഉള്ളവ, 200 മുതൽ |

500 കിടക്കകൾ വരെ ഉള്ളവ, 100 മുതൽ 200 കിടക്കകൾ വരെ ഉള്ളവ, 100 കിടക്കകൾക്കു താഴെയുള്ളവ എന്നീ വിഭാഗങ്ങളിലായി ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം, അപ്രീസിയേഷൻ എന്നീ പുരസ്കാരങ്ങൾ നൽകുന്നു.

ഈ വർഷം 9 വ്യവസായങ്ങൾ / സ്ഥാപനങ്ങൾ എക്സലൻസ് പുരസ്കാരവും 22 വ്യവസായ ങ്ങൾ / സ്ഥാപനങ്ങൾ ഒന്നാം സ്ഥാനവും 25 വ്യവസായങ്ങൾ / സ്ഥാപനങ്ങൾ രണ്ടാം സ്ഥാനവും 19 വ്യവസായങ്ങൾ / സ്ഥാപനങ്ങൾ മൂന്നാം സ്ഥാനവും, 17 വ്യവസായങ്ങൾ / സ്ഥാപനങ്ങൾ അപ്രീസിയേഷൻ സ്ഥാനവും കരസ്ഥമാക്കി.

(സി) എന്തെല്ലാം മാനദണ്ഡങ്ങളാണ് പുരസ്കാരത്തിനായി നിർണ്ണയിച്ചിട്ടുള്ളത്;

(സി) തൊട്ടു മുൻപുള്ള വർഷത്തിൽ വ്യവസായങ്ങൾ / സ്ഥാപനങ്ങൾ എന്നിവ മലിനീകരണ നിയന്ത്രണ സംവിധാനം പരിപാലിച്ച് വേണ്ട വിധം പ്രവർത്തിപ്പിച്ചത്, മലിനീകരണ നിയന്ത്രണത്തിനും പരിസര ശുചീകരണത്തിനും എടുത്ത നടപടികൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലും ഊർജ്ജ സംരക്ഷണത്തിനും ജല സംരക്ഷണത്തിനും നടപ്പാക്കിയ പദ്ധതികൾ, വ്യവസായങ്ങൾ / സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന പാഴ് വസ്തുക്കളുടെ പുനരുപയോഗത്തിനായി സ്വീകരിക്കുന്ന നടപടികൾ, സാമൂഹിക പ്രതിബദ്ധതയിൽ പൊതുജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ കാര്യങ്ങൾ എന്നിവയിൽ കൈവരിച്ച നേട്ടങ്ങളാണ് പുരസ്കാരത്തിനുള്ള മാനദണ്ഡമായി നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(ഡി) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ നല്ല രീതിയിൽ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് / വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ പുരസ്കാരങ്ങൾ നൽകുന്നതിലൂടെ അവരുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരവും കൂടുതൽ

മെച്ചപ്പെട്ട പരിസ്ഥിതി സംരക്ഷണം കാഴ്ച വയ്ക്കാൻ കൂടുതൽ സ്ഥാപനങ്ങൾക്ക് പ്രചോദനവുമുണ്ടാകുന്നു. അവാർഡ് ലഭിക്കാത്ത മറ്റ് വ്യവസായങ്ങൾക്ക് / സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും പരിസ്ഥിതി സംരക്ഷണത്തിന് നൂതന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും പ്രോത്സാഹനമാകും.

സെക്ഷൻ ഓഫീസർ